# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1081

13.06.2013 ൽ മറുപടിയ്ക്ക്

## സ്വാശ്രയ മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ ക്രമക്കേട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്വാശ്രയ മാനേജ്മെന്റുകൾ നടത്തുന്ന മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ ചോദ്യങ്ങൾ ചില ഉദ്യോഗാർത്ഥികൾക്ക് മുൻകൂട്ടി കൊടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) ചോദ്യങ്ങൾ മുൻകൂറായി കൊടുത്തത് സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് അന്വേഷണത്തിന്റെ ചുമതല നിർവ്വഹിക്കുന്നത്; പരീക്ഷകളിൽ ക്രമക്കേട് ബോദ്ധ്യപ്പെട്ടാൽ പരീക്ഷ റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | എ) & ബി) കേരള പ്രൈവറ്റ് മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷനുമായി 2013-14 അധ്യയനവർഷത്തെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് ഒപ്പുവെച്ച കരാർ പ്രകാരം, അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ മേൽനോട്ടത്തിൽ, അസോസിയേഷന്റെ കീഴിലുള്ള കോളേജുകളിലെ 35% മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി പ്രത്യേകം പ്രവേശന പരീക്ഷ നടത്താൻ വ്യവസ്ഥയുണ്ടായിരുന്നു. ഇത്തരത്തിൽ അസോസിയേഷൻ നടത്തിയ പ്രവേശനപരീക്ഷ, അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി റദ്ദാക്കുകയും 22.06.2013 ന് വീണ്ടും പരീക്ഷ നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ